LIBRARY ARCHIVES Kerala Legislative Assembly

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി**

329 (329) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി എത്രപേർക്ക് ഭവനം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിവഴി 990 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 745 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

2017-ലെ പ്രഥമ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ കുടുംബങ്ങൾക്ക് 1-8-2020 മുതൽ 23-9-2020 വരെയും 15-2-2021 മുതൽ 20-2-2021 വരെയും ഓൺലൈനായി അപേക്ഷിക്കുവാൻ അനുമതി നൽകിയിരുന്നു.

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

പുതിയ അപേക്ഷകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൈവശാവകാശ സർട്ടിഫിക്കറ്റ്**

330 (330) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഏതാവശ്യത്തിനായി നൽകിയതാണ് ഭൂമിയെന്ന് രേഖപ്പെടുത്താത്തത് സംബന്ധിച്ച് കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WPC 17983/2019, 29865/19, 32098/2019 എന്നീ കേസുകളിലെ 25-6-2020-ലെ പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ബിൽഡിംഗ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പെർമിറ്റുമായി ബന്ധപ്പെട്ട് Possession Certificate-നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി കേരള ലാൻഡ് അസ്സൈന്മെന്റ് ആക്ട് 1960, പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ അല്ലയോ എന്ന വിഷയംകൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ടപ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആ വിവരംകൂടി രേഖപ്പെടുത്തി മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ Possession Certificate അനുവദിക്കാൻ പാടുള്ളുവെന്ന് 2-12-2020-ലെ സ.ഉ.(എം.എസ്) 290/2020/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ അധികാരികൾ അനുവദിക്കുന്ന Possession Certificate-ൽ രേഖപ്പെടുത്തിയ പ്രകാരം ഏതാവശ്യത്തിനാണ് ഭൂമി പതിച്ചു നൽകിയിട്ടുള്ളത് എന്ന വിവരം പരിശോധിച്ചശേഷം അതനുസരിച്ചു മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങളിലെ അധികാരികൾ പെർമിറ്റ് അനുവദിക്കാൻ പാടുള്ളുവെന്ന് നിർദ്ദേശം നൽകി 22-2-2021-ലെ സ.ഉ.(എം.എസ്) 61/2021/തസ്വഭവ. പ്രകാരം ഉത്തരവ് പുറപെടുവിച്ചിട്ടുണ്ട്.

(ബി) ഈ വിധിമൂലം പതിച്ചുകിട്ടിയ ഭൂമിയിൽ വീടടക്കം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽനിന്ന് നിർമ്മാണാനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം ഏത് ആവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളതെന്ന വിവരം പരിശോധിച്ചതിനുശേഷം മാത്രമേ കെട്ടിട നിർമ്മണാനുമതി നൽകാവൂ എന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവുമൂലം പലർക്കും പതിച്ച് കിട്ടിയ ഭൂമിയിൽ വീട് നിർമ്മിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മുൻകാലങ്ങളിൽ മലയോര മേഖലകളിൽ രണ്ട് ഏക്കറിന് മുകളിൽ റവന്യൂ ഭൂമി പതിച്ചുനൽകിയിരുന്നുവെങ്കിലും പുതിയ കോടതി വിധിമൂലം പഞ്ചായത്തുകൾക്ക് ഇവിടങ്ങളിൽ വീട് വയ്ക്കാനുള്ള അനുമതി നൽകാൻ സാധിക്കാത്ത വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**അജൈവ മാലിന്യം നീക്കംചെയ്യാൻ നടപടി**

331 (331) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോർപ്പറേഷനുകൾ അജൈവ മാലിന്യം നീക്കംചെയ്യുന്നതിന് സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?